പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2798 17.10.2016 - ൽ മറുപടിയ്ക്ക്

## കിഡ്നി മാറ്റിവെക്കൽ ശസ്ത്രക്രിയ

| ചോദ്യം<br>ശ്രീ.കെ. കുഞ്ഞിരാമൻ | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കിഡ്നി മാറ്റിവെക്കൽ ശസ്ത്രക്രിയക്ക് വിധേയരായി തുടർചികിത്സക്ക് പണമില്ലാതെ കഷ്ടത അനുഭവിക്കുന്നവരുടെ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇവർക്ക് സൗജന്യ നിരക്കിൽ മരുന്ന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം അറിയിക്കുമോ? | (ബി) കിഡ്നി മാറ്റിവെക്കൽ ശസ്ത്രക്രിയക്ക് വിധേയരായ രോഗികൾക്ക് കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും രണ്ടു ലക്ഷം രൂപയും പ്രധാനമന്ത്രിയുടെ ചികിത്സാ ധനസഹായത്തിൽ നിന്നും രണ്ടു ലക്ഷം രൂപയും ഇൻഷുറൻസ് ചികിത്സാ പദ്ധതികളായ RSBY മുഖേന 30000/- രൂപയും CHIS Plus മുഖേന 70000/- രൂപയും താൽക്കാലികമായി അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ